ഉത്തരം

(എ) ഉണ്ട്.

(ബി) 171 പേരെ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) 40

(ഡി) ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി നിർത്തലാക്കിയതിനാൽ പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വകുപ്പിലെ ജീവനക്കാരുമായി സംയോജിപ്പിക്കാനുള്ള സർക്കാർ തീരുമാനം പ്രാവർത്തികമാക്കുന്നതിനായി രണ്ടാം ഗ്രേഡ് ജൂനിയർ ഹെത്ത് ഇൻസ്പെക്ടർ തസ്തികകൾ ആവശ്യമുള്ളതുകൊണ്ട് പ്രസ്തുത ഒഴിവുകളിലേക്ക് തൽക്കാലം നിയമനം നടത്താൻ കഴിയുകയില്ല.

കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടി

52 [864] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ ബറ്റാലിയനുകളിലായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി;

(ബി) കണ്ണൂർ ബറ്റാലിയനിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) ഒഴിവുകളെല്ലാം താമസംവിനാ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2627 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി.

(ബി) 184 ഒഴിവുകൾ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ എൽ. ഡി. സി. റാങ്ക് ലിസ്റ്റ്

53 [865] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പി. എസ്. സി.-യുടെ എൽ. ഡി. സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

LIBRARY ARCHIVES Kerala Legislative Assembly